A

# സമഗ്ര ശിക്ഷാ കേരളം

6001

## ആത്യന്തിക വിലയിരുത്തൽ I 2026-2027

### ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ്: 6 സമയം : 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ചോദ്യപേപ്പറിൽ A. ആരോഗ്യകായിക വിദ്യാഭ്യാസം B. കലാവിദ്യാഭ്യാസം C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ മൂന്ന് വിഭാഗങ്ങളുണ്ട്.
- എല്ലാ വിഭാഗങ്ങളുടെയും ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും കൃത്യമായ നിർദേശങ്ങൾ പാലിച്ച് ഉത്തരം എഴുതണം.

## A. ആരോഗ്യ കായിക വിദ്യാഭ്യാസം

(ആകെ സ്കോർ 15)

ചുവടെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യവും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതുക.

1. കായികതാരങ്ങൾക്ക് കൃത്യമായ വിശ്രമം വേണ്ടത് എന്തുകൊണ്ടാണ്? (സ്കോർ 1)

   a) ക്ഷീണം മാറ്റാൻ

   b) പുനഃപ്രാപ്തി കൈവരിക്കാൻ

   c) പേശികൾക്ക് ശക്തി കുറയുവാൻ

   d) മുകളിൽ പറഞ്ഞവയെല്ലാം തെറ്റ്

   A) a, c എന്നിവ

   B) d മാത്രം ശരി

   C) a, b എന്നിവ

   D) b, c എന്നിവ

2. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.
   കളിക്കുശേഷം പുനഃപ്രാപ്തി കൈവരിച്ച് പൂർവസ്ഥിതിയിലേക്ക് മടങ്ങിവരാൻ ചെയ്യേണ്ടതെന്തെല്ലാം? (സ്കോർ 1)

   a) ശ്വസനവ്യായാമങ്ങളിൽ ഏർപ്പെടുക.

   b) വീണ്ടും ദീർഘദൂരം ഓടുക.

   c) സ്ട്രെച്ചിങ് വ്യായാമങ്ങളിൽ ഏർപ്പെടുക

   d) വെള്ളം കുടിക്കുന്നത് ഒഴിവാക്കുക.

   A) d മാത്രം

   B) a, b എന്നിവ

   C) a, c എന്നിവ

   D) b മാത്രം

3. പട്ടിക പൂർത്തിയാക്കുക.
ചുവടെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഏത് യോഗാസനമാണെന്ന് തിരിച്ചറിയുക. (സ്കോർ 2)

| | |
|---|---|
|  | A ........................ |
|  | B ........................ |

4. സ്ഥൂലപോഷകങ്ങൾ പട്ടികയിൽ നിന്നും തരംതിരിച്ച് എഴുതുക. (സ്കോർ 2)

അന്നജം - അരി, ഗോതമ്പ്

മാംസ്യം -

കൊഴുപ്പ് -

(സൂചകം – വെണ്ണ, മുട്ട, നെയ്യ്, പയർ)

**5 മുതൽ 7 വരെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ A, B ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതിയാൽ മതി.**

5.A പുനഃപ്രാപ്തി വേഗത്തിലാക്കാൻ കായികതാരങ്ങൾ സ്വീകരിക്കുന്ന ഏതെങ്കിലും രണ്ട് മാർഗങ്ങൾ എഴുതുക. (സ്കോർ 2)

**അല്ലെങ്കിൽ**

5.B മനുഷ്യന്റെ ശാരീരിക – മാനസികാരോഗ്യപരിപോഷണത്തിന് ഉതകുന്ന ഒരു വ്യായാമമാർഗമാണ് യോഗ. യോഗയിലൂടെ കൈവരിക്കുന്ന രണ്ട് നേട്ടങ്ങൾ എഴുതുക.

- സമന്വയം
- ..............
- ..............

6.A ആഹാരത്തിൽ അടങ്ങിയിരിക്കുന്ന പോഷകങ്ങളെ രണ്ടായി തരംതിരിക്കാം. അവ ഏതെല്ലാം? (സ്കോർ 2)

**അല്ലെങ്കിൽ**

6.B ലോകത്തിലെ ഏറ്റവും വേഗതയേറിയ താരമായ ഉസൈൻ ബോൾട്ടിന്റെ കായികമികവിന്റെ മേൻമകൾ എന്തെല്ലാം?

7.A പദസൂര്യൻ പൂർത്തിയാക്കുക.




(സ്കോർ 2)

അല്ലെങ്കിൽ

7.B ജലത്തിൽ ലയിക്കുന്ന ജീവകങ്ങൾ - ജീവകം ബി കോംപ്ലക്സ്, ജീവകം സി എന്നിവയാണ്. എന്നാൽ കൊഴുപ്പിൽ ലയിക്കുന്ന ഏതെങ്കിലും രണ്ട് ജീവകങ്ങളുടെ പേര് എഴുതുക.

8. പരിസരശുചിത്വവുമായി ബന്ധപ്പെട്ട് പകർച്ചവ്യാധികൾ പടരാതിരിക്കാൻ വീടുകളിലും വിദ്യാലയങ്ങളിലും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാം? ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (സ്കോർ 3)

## B. കലാവിദ്യാഭ്യാസം

**(ആകെ സ്കോർ 15)**

1. ഒരു ഗാനം സംഘമായി ആലപിക്കുമ്പോൾ - (സ്കോർ 1)

   i. താളാത്മകതയോടെയുള്ള ആലാപനമാവണം.

   ii. ചുവടുകൾ ശ്രദ്ധിക്കണം

   iii. ഒരേ ശ്രുതിയിലുള്ള ആലാപനമാവണം

   iv. കൃത്യമായ ഈണത്തിലുള്ള ആലാപനമാവണം

   ഇവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ്?

   A) i, ii, iv ശരി

   B) i, iii, iv ശരി

   C) i, ii, iii ശരി

   D) iv മാത്രം ശരി

2. പ്രസ്താവനയെ സാധൂകരിക്കുന്ന കാരണം തിരഞ്ഞെടുത്തെഴുതുക. (സ്കോർ 1)

   പ്രസ്താവന : വയലറ്റ് ഒരു ദ്വിതീയ വർണ്ണമാണ്.

   കാരണം : A) വയലറ്റിന് ഒന്നിൽ കൂടുതൽ വകഭേദങ്ങൾ ഉണ്ട്.

   B) വയലറ്റ് നിറത്തെ നമുക്ക് രണ്ട് തരങ്ങളായി വേർതിരിക്കാൻ സാധിക്കും.

   C) രണ്ട് പ്രാഥമിക വർണ്ണങ്ങൾ ചേർന്നാണ് വയലറ്റ് ഉണ്ടാകുന്നത്.

   D) മറ്റ് നിറങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് വയലറ്റ് നിറം ഉണ്ടാക്കുവാൻ സാധിക്കില്ല.

**3, 4, 5 ചോദ്യങ്ങൾക്ക് A, B ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതുക.**

3A റിലീഫ് ചിത്രങ്ങളുടെ ഒരു ചരിത്രപ്രധാനമായ ഉദാഹരണമാണ് എടക്കൽ ഗുഹകളിലെ രൂപങ്ങൾ. നിങ്ങളുടെ സ്കൂൾ പരിസരത്ത് റിലീഫ് ശില്പങ്ങൾ നിർമ്മിക്കാൻ ആവശ്യമായ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ കണ്ടെത്തി ഏതെങ്കിലും നാല് എണ്ണത്തിന്റെ പേര് എഴുതുക. (സ്കോർ 2)

അല്ലെങ്കിൽ

3B നാല് തരം രേഖകൾ നമ്മൾ പരിചയപ്പെട്ടിട്ടുണ്ട്.

നേർരേഖ 

സിഗ് സാഗ് രേഖ 

വളഞ്ഞ രേഖ 

ചുരുൾ രേഖ 

ഇവ നാലും ഉപയോഗിച്ച് ഒരു ചിത്രം വരയ്ക്കുക.

4A



1 2 3 4 (സ്കോർ 2)

ചിത്രത്തിൽ കൊടുത്തിരിക്കുന്ന വാദ്യോപകരണങ്ങൾ തിരിച്ചറിഞ്ഞ് എഴുതുക. ഇവയിൽ 1, 2 ചിത്രങ്ങളിൽ കാണുന്ന വാദ്യോപകരണങ്ങളുടെ രണ്ട് സാമ്യങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

4B പുതുമഴയിൻ തുള്ളികളാൽ
തിരുമുറ്റം പുഴയായപ്പോൾ
കുഞ്ഞിന്നത് കൗതുകമായി
മഴ നനയാൻ തിടുക്കമായി

ഈ മഴപ്പാട്ട് അനുയോജ്യമായ ഈണത്തിൽ സംഘമായി പാടി അവതരിപ്പിക്കുമ്പോൾ എന്തെല്ലാമാണ് ശ്രദ്ധിക്കേണ്ടത്?


5A i) സിനിമാരംഗത്തെ പ്രധാനപ്പെട്ട ഒരു മേഖലയാണ് അനിമേഷൻ സിനിമ. അനിമേഷൻ സിനിമകളുടെ പ്രത്യേകതകൾ എന്താണ്?

ii) പ്രധാനമായും രണ്ട് തരത്തിലുള്ള അനിമേഷൻ സിനിമകളാണുള്ളത്. അവ ഏതെല്ലാം? (സ്കോർ 2)

**അല്ലെങ്കിൽ**

5B തിരക്കഥയുടെ പ്രധാന ഘടകങ്ങൾ ആണ് ദൃശ്യവിവരണങ്ങളും സംഭാഷണങ്ങളും. താഴെ കാണുന്ന ചിത്രത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണം എഴുതുക.

a. b.



6. കുട്ടികൾക്ക് ആസ്വാദ്യകരമായ ആശയങ്ങളിൽ നിന്ന് നാടകങ്ങൾ ഉണ്ടാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നതാണ് കുട്ടികളുടെ നാടകവേദി. ഇതിന്റെ ഭാഗമായി നിരവധി നാടകക്കളികളും പരിശീലിപ്പിക്കപ്പെടുന്നുണ്ട്. നിങ്ങൾക്ക് പരിചിതമായ ഒരു നാടകക്കളി വിശദീകരിക്കുക. (സ്കോർ 2)

7. ആചാരാനുഷ്ഠാനങ്ങളെ അടിസ്ഥാനമാക്കിയ നിരവധി നൃത്തരൂപങ്ങൾ കേരളത്തിൽ ഉണ്ട്. ഏതെങ്കിലും രണ്ട് അനുഷ്ഠാന നൃത്തങ്ങളുടെ പേര് എഴുതുക. (സ്കോർ 2)

8. നിങ്ങളുടെ മഴയനുഭവങ്ങൾ സർഗ്ഗാത്മകമായി പങ്കുവയ്ക്കുക. മഴക്കവിതകളായോ, മഴചിത്രങ്ങൾ വരച്ചോ, ലഘുനാടകീകരണത്തിനുള്ള സംഭാഷണങ്ങളായോ തയ്യാറാക്കുക. ഏതെങ്കിലും ഒരു മേഖലയിൽ പ്രവർത്തനം തയ്യാറാക്കാം. (സ്കോർ 3)

## C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**(ആകെ സ്കോർ 15)**

1. ഒരു കിടപ്പുമുറി സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്? (സ്കോർ 1)

   (i) വാതിലുകളും ജനലുകളും എളുപ്പത്തിൽ തുറക്കാനും അടയ്ക്കാനും കഴിയുന്ന വിധത്തിൽ ഫർണിച്ചർ ക്രമീകരിക്കണം.

   (ii) ഫർണിച്ചർ തിരഞ്ഞെടുക്കുമ്പോൾ മുറിയുടെ വലിപ്പം പരിഗണിക്കേണ്ടതില്ല.

   (iii) വൈദ്യുത ഉപകരണങ്ങൾ സുരക്ഷിതമായി ഉപയോഗിക്കാവുന്ന രീതിയിൽ വേണം ക്രമീകരിക്കാൻ

   A. പ്രസ്താവന (ii) (iii) ശരിയാണ്.

   B. പ്രസ്താവന (i) (iii) ശരിയാണ്.

   C. പ്രസ്താവന (i) (ii) ശരിയാണ്.

   D. എല്ലാം ശരിയാണ്.

2. താഴെ കൊടുത്തിരിക്കുന്ന A, B, C കോളങ്ങളിൽ A കോളത്തിന് അനുയോജ്യമായവ B, C കോളത്തിൽ നിന്നും കണ്ടെത്തുക. (സ്കോർ 1)

| A | B | C |
|---|---|---|
| a. ക്രോസ് സ്റ്റിച്ച് | 1. ലളിതമായ കൈത്തുന്നൽ | (i) പൂമ്പൊടിക്ക് സമാനമായ തുന്നൽ |
| b. ബ്ലാങ്കറ്റ് സ്റ്റിച്ച് | | (ii) മെഷീൻ തുന്നലിന് പകരമായി ഉപയോഗിക്കുന്നു. |
| c. ഫ്രഞ്ച് നോട്ട് | 2. അലങ്കാരത്തുന്നൽ | (iii) തുണിയുടെ അരികുകളിലെ നൂൽ ഇളകിപ്പോകാതിരിക്കാൻ |
| d. ബാക്ക് സ്റ്റിച്ച് | | (iv) ഗുണനചിഹ്നത്തിന്റെ ആകൃതിയിലുള്ള തുന്നൽ |

A. a – 1 – ii b – 1 – iii c – 2 – iv d – 2 - i


B. a – 2 – iv b – 1 – iii c – 2 – i d – 1 - ii

C. a – 1 – iii b – 2 – i c – 1 – iv d – 2 - ii

D. a – 2 – ii b – 2 – iv c – 2 – i d – 1- iii

3. സ്കൂളിലെ തപാൽ ദിനാഘോഷത്തിന്റെ ഭാഗമായി അപ്പു ഒരു എൻവലപ്പ് നിർമ്മിക്കാൻ തീരുമാനിച്ചു. നല്ലൊരു എൻവലപ്പ് നിർമ്മിക്കുന്നതിനായി അപ്പു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? (സ്കോർ 2)

4. താഴെ കൊടുത്തിരിക്കുന്ന ചിഹ്നങ്ങൾ എന്തിനെയെല്ലാം സൂചിപ്പിക്കുന്നു? (സ്കോർ 2)

a) 

b) 

5. വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കൈത്തുന്നലുകൾ വ്യത്യസ്തമാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? (സ്കോർ 2)

6. എല്ലാത്തരം കത്തുകളും അയക്കുന്നതിന് വിൻഡോടൈപ്പ് കവറുകൾ അനുയോജ്യമാണോ? വിശദീകരിക്കുക. (സ്കോർ 3)

**7. A. , 7. B. ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** (സ്കോർ 4)

7. A. അടുക്കള സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങളും ഫർണിച്ചറും ക്രമീകരിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണം?

**അല്ലെങ്കിൽ**

7. B. പ്രവൃത്തിപരിചയ മേളയിലെ അലങ്കാരത്തുന്നൽ മത്സരത്തിൽ പങ്കെടുക്കാൻ റിയ തീരുമാനിച്ചു. മികച്ചരീതിയിൽ മത്സരം പൂർത്തിയാക്കി ആകർഷകമായ ഉൽപന്നം നിർമ്മിക്കുന്നതിനായി റിയ എന്തെല്ലാം തയ്യാറെടുപ്പുകൾ സ്വീകരിക്കണം?